DISPATCHED
22/06/2020
21.5.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic.ker@nic.in**

ഹർജി നമ്പർ **AP. 2437*(7)/2013*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **15944**/*എസ്.ഐ.സി-ജി 6/13*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.പ്രദീപ് കുമാർ വി.,
"ദീപ്തി", തൃച്ചംബരം,
തളിപ്പറമ്പ, കണ്ണൂർ ജില്ല,
പിൻ – 670 141.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& അക്കൗണ്ട്സ് ഓഫീസർ
   കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ
   കാര്യാലയം, കോഴിക്കോട്.

2. അപ്പീൽ അധികാരി,
   നെഹ്റു ആർട്സ്& സയൻസ് കോളേജ്,
   കാഞ്ഞങ്ങാട്, പടന്നക്കാട് പി.ഒ.,
   കാസറഗോഡ് – 671 314.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.06.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 27.07.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.08.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 08.11.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.11.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പ്രദീപ് കുമാർ വി., 08.11.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 12.11.2013ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2437(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപടിയും ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും യാതൊരു വിവരവും ലഭിച്ചില്ലെന്നും ആകയാൽ ടിയാന് വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.06.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോടിന്റെ കീഴിലുള്ള എയ്ഡഡ് കോളേജുകളിൽ 2009 ജൂലൈ 11നു ശേഷം നടന്ന അസി.പ്രൊഫസർ/ലക്ച്ചറർ സ്ഥിര നിയമനത്തിലും താല്ക്കാലിക നിയമനങ്ങളിലും എത്ര പി.എച്ച്.ഡി.ക്കാരെ നിയമിച്ചിട്ടുണ്ടെന്നു തുടങ്ങി നിരവധി വിവരങ്ങളാണ്. ആയതിന് 27.07.2013ന് മറുപടി നൽകിയതായും ടി മറുപടിയ്ക്കെതിരെ സമർപ്പിച്ച ഒന്നാം അപ്പീലിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ അതാതു കോജേുകളിൽ നിന്നും ലഭ്യമാക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർ അതാത് കോളേജുകൾക്ക് നിർദ്ദേശം നൽകിയെന്നും എന്നാൽ കാഞ്ഞങ്ങാട് നെഹ്റു കോളേജുകളിൽ നിന്നും ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ എത്രയും വേഗം ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ടിയാന് നേരിട്ട്

വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഹർജിക്കാരന്റെ അപേക്ഷ ടി കാര്യായത്തിനു കീഴിലെ 36 പ്രൈവറ്റ്, എയ്ഡഡ് കോളേജുകളിലെ എസ്.പി.ഐ.ഒ. മാർക്ക് കൈമാറുകയും ടി വിവരം ഹർജിക്കാരനെ അറിയിച്ചുവെന്നുമാണ്. എന്നാൽ നെഹ്റു ആർട്സ് & സയൻസ് കോളേജിൽ നിന്നും ടിയാന് നാളിതുവരെ വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നാണ് ടിയാന്റെ രണ്ടാം അപ്പീലിലെ ആക്ഷേമെന്ന് കമ്മീഷൻ വിലയിരുത്തുന്നു. കമ്മീഷൻ മുമ്പാകെ 11.02.2019ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത കോളേജിൽ നിന്നും മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിനും മറുപടി നൽകിയതായി കമ്മീഷൻ കാണുന്നു. കൂടാതെ ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ മുഴുവൻ ബയോ ഡാറ്റ നൽകുവാൻ സാധിക്കുകയില്ല എന്ന് അറിയിക്കുകയും റാങ്ക് ലിസ്റ്റിന്റെ പകർപ്പ് നൽകുകയും ചെയ്തിട്ടുണ്ടെന്നുമാണ്. എതിർകക്ഷികളുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 21-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM